6/8/21



...ൻ ലഭിച്ചവർ



...ജോൾ ഭ. ഹിബാ

# കരിയർ സെമിനാർ

കൊച്ചി: പത്താം ക്ലാസ്, പ്ലസ് ടു വിജയിച്ച വിദ്യാർഥികൾക്കായി ഉപരിപഠന സാധ്യതകൾ സംബന്ധിച്ച് സൗജന്യ കരിയർ സെമിനാർ 10ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് വിഭാഗത്തിൽ ഓൺലൈനായി നടക്കും. താല്പര്യമുള്ള വിദ്യാർഥികൾ 0484-2422458 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മുൻഗണന.

# അതിഥി തൊഴിലാളികൾക്ക് കരുതലായി 'ഗസ്റ്റ് വാക്സ്'

## 230 തൊഴിലാളികൾക്ക് വാക്സിൻ നൽകി

ആലുവ: ചൂർണിക്കര പഞ്ചായത്തിലെ അതിഥി തൊഴിലാളികൾക്കുള്ള കോവിഡ് വാക്സിനേഷന് തുടക്കമായി. 'ഗസ്റ്റ് വാക്സ്' എന്ന് പേരിട്ടിട്ടുള്ള വാക്സിനേഷൻ ഡ്രൈവിലൂടെയാണ് വിതരണം നടന്നത്.

കൊടികുത്തിമല കെഎംജെ ഹാളിൽ നടന്ന ക്യാമ്പിൽ 230 തൊഴിലാളികൾക്കാണ് വാക്സിൻ നൽകിയത്.

കോവിൻ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് എത്തു...

...ന്ന.തൊഴിലാളികൾക്കാണ് വാക്സിനേഷൻ ...ഗണന നൽകുന്നത് എന്നും തുടർന്ന് ക്യാമ്പിലെത്തുന്ന തൊഴിലാളികൾക്കും സ്പോട്ട് ...സ്ട്രേഷൻ നടത്തി വാക്സിൻ നൽകുമെന്ന് ...ല്ലാ ലേബർ ഓഫീസർ അറിയിച്ചു.

# ...ക്കുന്ന വീട്ടമ്മ കുഴഞ്ഞു ...ായി അഗ്നിരക്ഷാസേന

...ാമ ...അക ...രക്ഷി ...രഗ്നിര ...എന്ന ...ംകാൻ ...ഡിൽ ...് താമ ...ിയിരു ...ഡിക്കാ

...ത്തതിനാൽ ബോധം തെളിഞ്ഞപ്പോൾ മൊബൈൽ ഫോണിലൂടെ അഗ്നിരക്ഷാ സേനയുടെ സഹായം തേടി. പെരുമ്പാവൂർ അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ എൻ.എച്ച്. അസൈനാരുടെ നേതൃത്വത്തിൽ ജനലിന്റെ അഴികൾ കട്ടർ ഉപയോഗിച്ച് മുറിച്ച് നീക്കി സേനാംഗങ്ങൾ വീട്ടിൽ പ്രവേശിച്ച് വീട്ടമ്മയെ പുറത്തു കൊണ്ടുവന്നു. തുടർന്ന് സേനയുടെ ആംബുലൻസിൽ ഇവരെ ആശുപത്രിയിൽ എത്തിച്ചു. ഇന്നലെ രാവിലെ ആറിനാണ് സംഭവം.

# 'പ്ലസ് വൺ പരീക്ഷ റദ്ദാക്കണം'

കൊച്ചി: സംസ്ഥാനത്തെ പ്ലസ് വൺ വിദ്യാർഥികൾക്കു സെപ്റ്റംബർ ആറ് മുതൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന പരീക്ഷകൾ ഒഴിവാക്കണമെന്നും വിദ്യാർഥികളെ മാനസികമായി പീഡിപ്പിക്കുന്ന അശാസ്ത്രീയമായ പരിപാടി ഉടൻ നിർത്തണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു വരുന്ന പ്രതിഷേധ പരിപാടികളുടെ ഭാഗമായി എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ പ്രതിഷേധ പരിപാടി നടത്തി. ജില്ലാ സെക്രട്ടറി നിലീന മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. പ്ലസ് വൺ സ്റ്റുഡന്റ്സ് കളക്റ്റീവ് അംഗം കൃഷ്ണ എസ്. അധ്യക്ഷത വഹിച്ചു.



നൈപുണ്യ കോളജും സാരഥിയും ചേർന്നു സംഘടിപ്പിച്ച ജീവനം പരിപാടിയുടെ ഉദ്ഘാടനം സാരഥി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തെക്കിനേത്ത് കേക്ക് മുറിച്ചു നിർവഹിക്കുന്നു.

# ജീവനം പരിപാടി സംഘടിപ്പിച്ചു

കൊച്ചി: നൈപുണ്യ കോളജും സാരഥി സംഘടനയും ചേർന്നു ജീവനം പരിപാടി സംഘടിപ്പിച്ചു. സാരഥി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തെക്കിനേത്ത് കേക്ക് മുറിച്ച് ഉദ്ഘാടനം നിർവഹിച്ചു. പരിപാടിയോടനുബന്ധിച്ച് ഓട്ടോ തൊഴിലാളികൾക്ക് ധനസഹായവും സ്നേഹവിരുന്നും നൽകി. ഫാ. ജോസ് കാരാച്ചിറ, ഐടി ഡയറക്ടർ ഡോ. സാബു വർഗീസ്, കോളജ് പ്രിൻസിപ്പൽ റവ. ഡോ. കെ.ജെ. പോളച്ചൻ, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോയ് ജോസഫ് പുതുശേരി, കോളജ് വൈസ് പ്രിൻസിപ്പൽമാരായ തെരേസ പാറക്കൽ, റോബർട്ട് ഫെർണാണ്ടസ് തുടങ്ങിയവർ പങ്കെടുത്തു. സമ്മാനവിതരണവും നടന്നു.




...ാച്ചിൻ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അതിഥി തൊഴിലാളികൾക്കായി സംഘടിപ്പിച്ച കോ...ക്സിനേഷൻ ക്യാമ്പ് മേയർ എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# ...എസ്എസ്എസ് വാക്സിനേഷൻ ക്യാമ്പ്

...ാച്ചി: കൊച്ചിൻ സോഷ്യൽ സ...ർവീസ് സൊസൈറ്റി (സിഎഎസ്എസ്)യുടെ ആഭി...മുഖ്യത്തിൽ അതിഥി തൊഴിലാളികൾക്കായി കോവിഡ് വാക്...സിനേഷൻ ക്യാമ്പ് നടത്തി. എറ...ണാകുളം ലൂർദ് ആശുപത്രിയുമായി സഹകരിച്ച് 500 പേർക്ക് വാക്സിൻ നൽകിയതായി സിഎസ്എസ്എസ് ഡയറക്ടർ ഫാ. അഗസ്റ്റിൻ കടേപ്പറമ്പിൽ പറഞ്ഞു.

ഫോർട്ടുകൊച്ചിയിൽ നടന്ന ക്യാമ്പ് മേയർ എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. കൊച്ചി രൂപത വികാരി ജനറാൾ മോൺ. ഷൈജു പര്യാത്തുശേരി അധ്യക്ഷത വഹിച്ചു.

ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ഹെർട്ടിസ്, സിബി പൗലോസ്, ലാലി സേവ്യർ എന്നിവർ പ്രസംഗിച്ചു.



കാലടിയിൽ സമാന്തര പാലവും ബൈപാസും നിർമിക്കണമെന്നാവശ്യപ്പെട്ട് ആർഎസ്പി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാലടിയിൽ സംഘടിപ്പിച്ച നിൽപ് സമരം ജില്ലാ സെക്രട്ടറി ജോർജ് സ്റ്റീഫൻ ഉദ്ഘാടനം ചെയ്യുന്നു.

# മദ്യവിരുദ്ധസമിതി അനുശോചിച്ചു

കാലടി: കെസിബിസി മദ്യ വിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന തങ്കച്ചൻ വെളിയിലിന്റെ നിര്യാണത്തിൽ മദ്യ വിരുദ്ധ സംഘടനകളുടെ കൂട്ടായ്മയായ കേരള മദ്യ വിരുദ്ധ ഏകോപന സമിതി, കെസിബിസി മദ്യ വിരുദ്ധ സമിതി എന്നിവയുടെ നേതൃത്വത്തിൽ അനുശോചിച്ചു. സമിതി ചെയർമാൻ ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അഡ്വ. ചാർളി പോൾ അനുശോചന പ്രമേയം അവതരിപ്പിച്ചു ഫാ. ജോർജ് നേരെവീട്ടിൽ, കെ.എ. പൗലോസ്, ഷൈബി പാപ്പച്ചൻ, സിസ്റ്റർ റോസ്മിൻ, ചാണ്ടി ജോസ്, എം.പി. ജോസി തുടങ്ങിയവർ പങ്കെടുത്തു.

LIBRARY
ACC No: